# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| ജനുവരി 2<br>January 2 | 2020 |
|---|---|

*1193 ധനു 17* വ്യാഴം

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**മലങ്കര മാർത്തോമ സുറിയാനി സഭയുടെ പ്രളയാനന്തര ഭവന നിർമ്മാണ പദ്ധതിയുടെ താക്കോൽദാനം ഗവർണർ നിർവഹിച്ചു**

**എല്ലാ വിഭാഗത്തിൽപെട്ടവരേയും ഉൾപ്പെടുത്തിയതിൽ സന്തോഷം: ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ**

ജാതിമത ഭേദമന്യേ എല്ലാ വിഭാഗത്തിൽപെട്ട ആളുകളേയും പ്രളയാനന്തര ഭവനനിർമ്മാണ പദ്ധതിയിൽ മലങ്കര മാർത്തോമ സുറിയാനി സഭ ഭാഗമാക്കിയതിൽ സന്തോഷമുണ്ടെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. തിരുവല്ല എസ്.സി.എസ് ക്യാമ്പസിൽ ഡോ.അലക്സാണ്ടർ മാർ തോമ ഓഡിറ്റോറിയത്തിൽ മലങ്കര മാർത്തോമ സുറിയാനി സഭയുടെ പ്രളയാനന്തര ഭവന നിർമ്മാണ പദ്ധതിയുടെ താക്കോൽ ദാനത്തിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

2018 ലെ പ്രളയാനന്തര ഭവന നിർമ്മാണപദ്ധതിയിലൂടെ മലങ്കര മാർത്തോമ സുറിയാനിസഭ ഓരോ കുടുംബത്തിനും നൽകിയ താക്കോൽ സുരക്ഷിതവും ആത്മവിശ്വാസത്തോടെയുള്ള ജീവിതത്തിലേയ്ക്കുള്ള ഭാവിയുടെ താക്കോലാണെന്നും അദ്ദേഹം പറഞ്ഞു. നിർധനരായ രോഗികൾക്കായി രൂപീകരിച്ച സ്നേഹകരം എന്ന

ചികിത്സാ സഹായപദ്ധതി സഭയുടെ വളർച്ചയിലെ നാഴികക്കല്ലുകളാണെന്നും അദ്ദേഹം പറഞ്ഞു.

സഭാധ്യക്ഷൻ ഡോ.ജോസഫ് മാർത്തോമ മെത്രാപോലീത്ത ചടങ്ങിൽ അധ്യക്ഷത വഹിച്ചു. പ്രളയത്തെ മലയാളികൾ ഒറ്റകെട്ടായി നിന്നു നേരിട്ടുവെന്ന് ജോസഫ് മാർ തോമ മെത്രാപൊലീത്ത അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. പ്രളയത്തിൽ എല്ലാം നശിച്ച മനുഷ്യർക്ക് ഒരു കൈത്താങ്ങായിട്ടാണു ഭവന നിർമ്മാണം പദ്ധതി ആവിഷ്ക്കരിച്ചത്. ഭവന നിർമ്മാണത്തിന് എട്ടുകോടി രൂപയും, പുനർ നിർമ്മാണത്തിന് ര ര കോടി രൂപയുമാണ് ദുരിതം അനുഭവിച്ച സഹോദരങ്ങൾക്കായി സഭ മാറ്റിവച്ചത്. മാർത്തോമാ സുറിയാനി സഭയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രളയത്തിൽ വീട് നഷ്ടപെട്ട 60 കുടുംബങ്ങൾക്കാണു വീട് നിർമിച്ചു നൽകിയത്. ആയിരത്തോളം അപേക്ഷകളിൽ നിന്നു തെരഞ്ഞെടുത്ത 102 പേരെയാണു പദ്ധതിയുടെ ഭാഗമാക്കിയത്. ഇതിന് പുറമെ ഭാഗികമായി വീട് തകർന്നവർക്കും ഭവന നിർമ്മാണ പദ്ധതിയിൽ പുനർ നിർമ്മാണം ചെയ്തു നല്കി.

ജോസഫ് മാർ ബർണബാസ് എപ്പിസ്കോപ്പ, സഭാ സെക്രട്ടറി കെ.ജി ജോസഫ്, ചണ്ഡീഗർ മുൻ ചീഫ് സെക്രട്ടറി ജോയ് ഉമ്മൻ, സഭാ ഖജാൻജി പി.പി അച്ചൻകുഞ്ഞ്, സഭാ അംഗം ജോൺ എബ്രഹാം, മുൻ രാജ്യസഭാംഗം പി.ജെ കുര്യൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പുകൾ:***

***ഗവർണർ 1:-*** തിരുവല്ല എസ്.സി.എസ് ക്യാമ്പസിലെ ഡോ.അലക്സാ ർ മാർ തോമ ഓഡിറ്റോറിയത്തിൽ മലങ്കര മാർത്തോമ സുറിയാനി സഭയുടെ പ്രളയാനന്തര ഭവന നിർമ്മാണ പദ്ധതിയുടെ താക്കോൽ ദാനം ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ നിർവഹിക്കുന്നു.

***ഗവർണർ സ്പീച്ച്:-*** തിരുവല്ല എസ്.സി.എസ് ക്യാമ്പസിലെ ഡോ.അലക്സാ ർ മാർ തോമ ഓഡിറ്റോറിയത്തിൽ മലങ്കര മാർത്തോമ സുറിയാനി സഭയുടെ പ്രളയാനന്തര ഭവന നിർമ്മാണ പദ്ധതിയുടെ താക്കോൽ ദാന നിർവഹിച്ച് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സംസാരിക്കുന്നു.

(പിഎൻപി 3886/19)

## വലിയ തിരുമേനിയുടെ കൈയിൽ മുത്തമിട്ട് ഗവർണർ

ഡോ.ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മർത്തോമ്മ വലിയ മെത്രാപ്പൊലീത്തയുടെ ആരോഗ്യം വേഗത്തിൽ മെച്ചപ്പെടട്ടേയെന്ന് സംസ്ഥാന ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. കുമ്പനാട് ഫെലോഷിപ്പ് മിഷൻ ആശുപത്രിയിലെത്തി വലിയ മെത്രാപ്പൊലീത്തയെ സന്ദർശിക്കുകയായിരുന്നു ഗവർണർ. വലിയ തിരുമേനിയുടെ കൈയിൽ മുത്തമിട്ടാണ് ഗവർണർ സ്നേഹസംഭാഷണം ആരംഭിച്ചത്. സംഭാഷണത്തിനിടെയാണ് ആരോഗ്യം മെച്ചപെടട്ടേയെന്ന് ഗവർണർ ആശംസിച്ചത്. ഇതിനിടെ വലിയ തിരുമേനിയുടെ കൈയൊപ്പ് രേഖപ്പെടുത്തിയ 'ചിരിയുടെ വലിയ മെത്രാപ്പോലീത്ത' എന്ന പുസ്തകം ഗവർണർക്ക് അദ്ദേഹം സമ്മാനിച്ച് ആശിർവദിക്കുകയും സഭയുടെ ആശംസകൾ നേരുകയും ചെയ്തു.

മർത്തോമ സഭ പ്രളയാനന്തര ഭവന നിർമ്മാണ പദ്ധതിയിലൂടെ നിർമ്മിച്ച വീടുകളുടെ താക്കോൽദാന ചടങ്ങിനെത്തിയതായിരുന്നു ഗവർണർ. വാർദ്ധക്യ സഹജമായ ബു

ദ്ധിമുട്ടുകളെ തുടർന്ന് ഈ പരിപാടിയിൽ പങ്കെടുക്കുവാൻ കഴിയില്ലെന്ന് അറിയിച്ച വലിയ തിരുമേനിയെ ചടങ്ങിന് മുന്നോടിയായി ഗവർണർ നേരിട്ട് സന്ദർശിക്കുകയായിരുന്നു.

സഭാധ്യക്ഷൻ ജോസഫ് മർത്തോമ്മ മെത്രാപ്പൊലീത്ത, പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജിയുടെ സെക്രട്ടറിയും കോഴിക്കോട് മുൻ ജില്ലാ കളക്ടറുമായ പി.ബി സലിം, ജില്ലാ കളക്ടർ പി.ബി.നൂഹ്, സെക്രട്ടറി ബിനു വർഗീസ്, ഡോ.രാജു പി.ജോർജ്, ഡോ. കൃപ അന്ന വർഗീസ്, ഫെലോഷിപ്പ് മിഷൻ ആശുപത്രി അഡ്മിനിസ്ട്രേറ്റർ പി.ടി ഫിലിപ് എന്നിവരും സന്നിഹിതരായിരുന്നു.

***ഫോട്ടോകൾ:-***

1:- ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മർത്തോമ്മ വലിയ മെത്രാപ്പൊലീത്തയെ സന്ദർശിച്ച ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ കൈയിൽ മുത്തം നൽകുന്നു.

2:- തന്നെ സന്ദർശിച്ച ഗവർണർ ആരിഫ് മുഹമ്മദ് ഖാനെ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മർത്തോമ്മ വലിയ മെത്രാപ്പൊലീത്ത ആശീർവദിക്കുന്നു.

3:- ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മർത്തോമ്മ വലിയ മെത്രാപ്പൊലീത്തയെ സന്ദർശിച്ചപ്പോൾ. സഭാധ്യക്ഷൻ ഡോ.ജോസഫ് മർത്തോമ്മ മെത്രാപ്പൊലീത്ത, ജില്ലാ കളക്ടർ പി.ബി നൂഹ് തുടങ്ങിയവർ സമീപം.

4:- തന്നെ സന്ദർശിച്ച ഗവർണർ ആരിഫ് മുഹമ്മദ് ഖാന് 'ചിരിയുടെ വലിയ മെത്രാപ്പോലീത്ത' എന്ന പുസ്തകം ഡോ.ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മർത്തോമ്മ വലിയ മെത്രാപ്പൊലീത്ത സമ്മാനിക്കുന്നു.

.

(പിഎൻപി 3887/19)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ജനുവരി

JANUARY 02 2020

## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com


---

## ശുചിത്വമില്ലാത്ത ഹോട്ടലുകൾക്കെതിരെ നടപടി;110000രൂപ പിഴ

ശബരിമല:സന്നിധാനം ഡ്യൂട്ടി മജിസ്ട്രേറ്റ് അനിൽകുമാറിന്റെ നേതൃത്വത്തിൽ നടത്തിയ സ്ക്വാഡ് പരിശോധനയിൽ ശുചിത്വം പാലിക്കാതിരിക്കുകയും ക്രമക്കേട് കാട്ടുകയും ചെയ്ത ഹോട്ടലുകൾക്കും മറ്റ് കടകൾക്കുമെതിരെ നടപടി.1,11,000 രൂപ പിഴ ഈടാക്കി.പൂർണ്ണമായും വൃത്തിയാക്കിയ ശേഷമാണ് ഇവ പ്രവർത്തിക്കാൻ അനുവദിച്ചത്.

ചരൽമേട് ജംഗ്ഷൻ,മരക്കൂട്ടം-ശരംകുത്തി റോഡ് എന്നിവടങ്ങളിലാണ് വ്യാഴാഴ്ച പുലർച്ചെ മുതൽ റെയ്ഡ് നടത്തിയത്.റെയ്ഡിൽ ലീഗൽ മെട്രോളജി,ഹെൽത്ത്, റവന്യൂ,റേഷനിംഗ്,എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥരും പങ്കെടുത്തു.

(പി.ആർ. ശബരി-277)

## അയ്യപ്പസ്വാമിക്ക് നാമസങ്കീർത്തന ഘോഷാർച്ചന

ശബരിമല:അയ്യപ്പസന്നിധി ഭക്തിസാന്ദ്രമാക്കി നാമസങ്കീർത്തന ഘോഷാർച്ചന.കോതമംഗലം ശ്രീനന്ദനം ഭജൻസ് ആണ് അയ്യന് കാണിക്കയായി ശ്രീ

ശാസ്ത മണ്ഡപത്തിൽ നാമസങ്കീർത്തന ഘോഷം അവതരിപ്പിച്ചത്.

തുടർച്ചയായ നാലാം വർഷമാണ് ശ്രീനന്ദനം ഭജൻസ് സന്നിധാനത്ത് സംഗീതാർച്ചന നടത്തുന്നത്. കോതമംഗലത്ത് പ്രവർത്തിക്കുന്ന അശരണ ബാല്യങ്ങളുടെ അഭയകേന്ദ്രമായ പ്രകതി ബാലഭവന് വേ ിയുള്ള സേവാസമർപ്പണമാണ് ശ്രീനന്ദനത്തിന്റെ നാമസങ്കീർത്തന ഘോഷം.

സംഗീതധ്യാപകൻ ദിലീഷ് പത്മനാഭനാണ് നാമസങ്കീർത്തന ഘോഷത്തിനു നേതൃത്വം നൽകിയത്.പതിനഞ്ച് കലാകാരൻമാർ  ദിലീഷിനൊപ്പം വേദിയിലെത്തി. നാമ ഘോഷ ലഹരിയിൽ നിർവൃതിയടയാൻ നിരവധി അയ്യപ്പഭക്തർ ശ്രീ ശാസ് താമണ്ഡപത്തിലെത്തി.

(പി.ആർ. ശബരി-278)



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| | | |
|---|---|---|
| ജനുവരി / JANUARY | 02 | 2020 |



## ശബരിമല പത്രക്കുറിപ്പ്-3

ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com

---

## മകരവിളക്ക് മഹോത്സവം: അവലോകന യോഗം ചേർന്നു

മകരവിളക്ക് മഹോത്സവത്തിന്റെ മുന്നൊരുക്കങ്ങൾ വിലയിരുത്താനായി തിരുവതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് എൻ വാസുവിന്റെ അധ്യക്ഷതയിൽ സന്നിധാനത്ത് അവലോകന യോഗം ചേർന്നു. തിരക്ക് വർധിക്കാനുള്ള സാഹചര്യം കണക്കിലെടുത്ത് എല്ലാ വകുപ്പുകളും പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കണമെന്ന് പ്രസിഡന്റ് നിർദേശിച്ചു.

മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ഉ ാകാനിടയുള്ള വലിയ തിരക്ക് നിയന്ത്രിക്കുന്നതിനായി കൂടുതൽ പോലീസ് സേനയെ വിന്യസിച്ച് സുരക്ഷ ശക്തമാക്കും. മകരജ്യോതി ദർശനത്തിനായി ഭക്തർ തമ്പടിക്കുന്ന പാ ിത്താവളം പോലെയുള്ള ഉയർന്ന ഭാഗങ്ങളിൽ നിരന്തരം സുരക്ഷാ പരിശോധനയും നിരീക്ഷണവും നടത്തുമെന്നും ശബരിമല സ്പെഷ്യൽ ഓഫീസർ എസ്.സുജിത് ദാസ് പറഞ്ഞു. വന്യ ജീവി ശല്യം നേരിടുന്ന ഭാഗങ്ങളിൽ അവയെ തുരത്താനായി സ്പെഷ്യൽ സ ്ക്വാഡുകളെ നിയോഗിച്ചിട്ടു ്. വനത്തിനുള്ളിൽ അകപ്പെട്ടു പോകുന്ന അയ്യപ്പഭക്തരെ സുരക്ഷിത സ്ഥാനത്തെത്തിക്കുന്നതിനായി സ്പെഷ്യൽ ടീമിനെ നിയോഗിച്ചിട്ടു ന്നും വനം വകുപ്പ് അറിയിച്ചു. ഉത്സവത്തോടനുബന്ധിച്ച് ആശുപത്രികളിൽ മികച്ച സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടു ന്ന് ആരോഗ്യ വകുപ്പ് അറിയിച്ചു. വെളിച്ചം കുറവുള്ള സ്ഥലങ്ങൾ പരിശോധിച്ച് കൂടുതൽ വെളിച്ചം ലഭ്യമാക്കാനുള്ള സൗകര്യമേർപ്പെടുത്തുമെന്ന് കെ എസ് ഇ ബി യോഗത്തെ അറിയിച്ചു. ഭക്ഷ്യ സുരക്ഷ

വകുപ്പിന്റെ നേതൃത്വത്തിൽ ശബരിമലയിലും, പമ്പയിലും നിലയ്ക്കലും വിവിധ സ ്ക്വാഡുകളായി തിരിഞ്ഞ് പരിശോധന നടത്തി വരികയാണ്. ഗുരുതര പ്രശ്നങ്ങൾ ഒന്നും തന്നെ ഇതു വരെ ശ്രദ്ധയിൽ പെട്ടിട്ടില്ലെന്ന് ഭക്ഷ്യ സുരക്ഷ ഉദ്യോഗസ്ഥർ അറിയിച്ചു. ശബരിമലയിലും പരിസരപ്രദേശങ്ങളിലും ലഹരി വസ്തുക്കളുടെ പരിശോധന ശക്തമാക്കിയിട്ടു ്. 574 കേസുകളിലായി 1,15,000രൂപ പിഴ ചുമത്തിയിട്ടുള്ളതായും എക്സൈസ് വകുപ്പ് അറിയിച്ചു. കൂടുതൽ കുടിവെള്ള വിതരണ കേന്ദ്രങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുമെന്ന് വാട്ടർ അതോറിറ്റി അറിയിച്ചു.

ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ വി എസ് രാജേന്ദ്രപ്രസാദ്, എൻ ഡിആർ എഫ്, ആർ എഫ് സേനാ മേധാവികൾ,
വിവിധ വകുപ്പ് മേധാവികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

(പി.ആർ. ശബരി-279)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.